# 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റ് താഴെ കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 3-ാം വകുപ്പിന്റെ ഭേദഗതി.—2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റിലെ (2007-ലെ 7) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ (ബി) ഖണ്ഡത്തിന്റെ ക്ലിപ്ത നിബന്ധനയിൽ "പത്തു വർഷമെങ്കിലും" എന്ന വാക്കുകൾക്ക് പകരം "അഞ്ചു വർഷമെങ്കിലും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 7-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 7-ാം വകുപ്പിൽ,—

(എ) (ii)-ാം ഇനത്തിൽ,—

(i) (എ) ഖണ്ഡത്തിൽ, "പന്ത്രണ്ട് പൈസ" എന്ന വാക്കുകൾക്ക് പകരം "വിപണന വിലയുടെ 0.5 ശതമാനം" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ് ;

(ii) (ബി) ഖണ്ഡത്തിൽ, "അഞ്ച് പൈസ" എന്ന വാക്കുകൾക്ക് പകരം "വിപണന വിലയുടെ 0.3 ശതമാനം" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

(ബി) (iii)-ാം ഇനത്തിൽ, "പന്ത്രണ്ടുപൈസ" എന്ന വാക്കുകൾക്ക് പകരം "വിപണന വിലയുടെ 0.75 ശതമാനം" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

KNPP. 297/2013.